# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1615 11.08.17 ൽ മറുപടിയ്ക്ക്**

**ടാങ്കർ ലോറികളുടെ നിയന്ത്രണം**

| **ചോദ്യം**<br>**ശ്രീ.മഞ്ഞളാംകുഴി അലി** | | **മറുപടി**<br>**ശ്രീ.തോമസ് ചാണ്ടി**<br>**(ഗതാഗത വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | എൽ.പി.ജി., പെട്രോളിയം, ഡീസൽ തുടങ്ങിയവ വഹിച്ചു കൊണ്ട് പോകുന്ന ടാങ്കർ ലോറികളുടെ സഞ്ചാരം പകൽ സമയത്ത് നിയന്ത്രിച്ചുകൊണ്ടുള്ള ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; | (എ) | അപകട സാദ്ധ്യത കൂടിയ എൽ.പി.ജി വഹിച്ചുകൊണ്ടുപോകുന്ന ബുള്ളറ്റ് ടാങ്കർ ലോറികളുടെ സഞ്ചാരം കോർപ്പറേഷൻ, മുനിസിപ്പൽ ഏരിയകളിൽ രാവിലെ 8 മണിമുതൽ 11 മണിവരെയും, വൈകുന്നേരം 4 മുതൽ 6 മണിവരെയും നിരോധിച്ചുകൊണ്ട് 30-04-2013 ലെ G.O (P) No.38/2013/Tran.പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം പ്രാദേശികമായ ആവശ്യം കണക്കിലെടുത്ത് റോഡ് സുരക്ഷ, സുഗമമായ ഗതാഗതം എന്നിവ ഉറപ്പാക്കുന്നതിനായി അപകടസാധ്യതയേറിയ ചരക്കുകൾ കടത്തുന്ന വാഹനങ്ങൾക്ക് ഉചിതമായ സമയനിയന്ത്രണം പ്രാദേശികതലത്തിൽ ഏർപ്പെടുത്തുന്നതിന് അതാതിടത്തെ RTA കൾക്കും അധികാരമുണ്ട്. |
| (ബി) | എങ്കിൽ ഇത്തരത്തിലുള്ള നിയന്ത്രണം ലംഘിച്ച വാഹനങ്ങളുടെ മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ ഇത്തരം എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; | (സി) | കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ഇത്തരത്തിൽ നിയമ ലംഘനം നടത്തിയ 22 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | തിരക്കുള്ള സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ അപകടകരമായ രീതിയിൽ സഞ്ചരിക്കുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (ഡി) | തിരക്കുള്ള സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ അപകടകരമായ രീതിയിൽ സഞ്ചരിക്കുന്നത് തടയുന്നതിന് വാഹന പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**